III/ഇ.ബി./ XII-കേരള നിയമസഭ/II-12.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 ഒക്ടോബര്‍ 9, തിങ്കള്‍

നിയമസഭ 2006 ഒക്ടോബര്‍ 9–ാം തീയതി തിങ്കളാഴ്ച രാവിടെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കര്‍ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷത യില്‍ നിയമസഭാ ഹാളില്‍ യോഗം ചേര്‍ന്നു.

I )ചോദ്യങ്ങള്‍

വാങ്മൂലം മറുപടി നല്‍കാന്‍ നിശ്ചയിച്ചിരുന്ന നക്ഷത്രച്ചിഹ്നമിട്ട ചോദ്യങ്ങളില്‍ മൂന്നെണ്ണം (*391,*392,*393) സഭയില്‍ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാര്‍ മറുപടി നല്‍കുകയും ചെയ്തു.

II) അടിയന്തിര പ്രമേയം

കേന്ദ്ര ഗവണ്‍മെന്റ് പകുതിച്ചെലവ് വഹിക്കുന്ന പാവപ്പെട്ടവര്‍ക്കു വേണ്ടിയുള്ള ചികില്‍സാ സഹായപദ്ധതിയില്‍നിന്നുള്ള സാമ്പത്തിക സഹായം 50 വയസ്സിന് മുകളിലുള്ളവര്‍ക്ക് കൊടുക്കേണ്ടതില്ലെന്ന് ആ പദ്ധതി സംബന്ധിച്ച ഗവേണിംഗ് കൗണ്‍സില്‍ തീരുമാനിച്ചിരിക്കുന്നതായി ബന്ധപ്പെട്ട ഹെല്‍ത്ത് സര്‍വീസസ് അധികൃതര്‍ക്ക് വാക്കാല്‍ നിര്‍ദ്ദേശം നല്‍കിയതിനെത്തുടര്‍ന്ന് 50 വയസ്സന് മുകളിലുള്ള രോഗികള്‍ക്ക് സഹായം നിര്‍ത്തിവച്ചിരിക്കുന്നു. മാരകമായ രോഗങ്ങള്‍ പടര്‍ന്നുപിടിക്കുന്ന സന്ദര്‍ഭത്തില്‍ ഈ തീരുമാനംമൂലം പാവപ്പെട്ടവരുടെയിടയില്‍

അതികലശലായ പരിഭ്രാന്തിയും ചിന്താകുഴപ്പവും നിരാശയുമുണ്ടാക്കി യിട്ടുണ്ട്. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. .തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിര പ്രമേയ നോട്ടീസിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

III) ശ്രദ്ധ ക്ഷണിക്കൽ

1. കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. സി.പി. മുഹമ്മദ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി മറുപടി നൽകുകയും ചെയ്തു.
2. സംസ്ഥാനത്തെ കേരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളി ലേയ്ക്ക് ശ്രീ പി. വിശ്വൻ കൃഷി വകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

IV) ക്രമപ്രശ്നം

1) നെയ്യാർഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൻമേൽ മുഖ്യമന്ത്രി 04-10-2006-ന് സഭയിൽ നടത്തിയ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയും 06-10-2006-ൽ അച്ചടിച്ച് സർക്കുലേറ്റ് ചെയ്ത പ്രസ്താവനവും തമ്മിലുള്ള വൈരുദ്ധ്യത്തെ ക്കുറിച്ച് ശ്രീ. കെ. എം. മാണി ഉന്നയിച്ചതിന് മുഖ്യമന്ത്രി മറുപടി പറയുകയും പ്രസ്തുത കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്തു.

2) സഭയിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് ഒരു മെമ്പർ സഭാനടപടികൾ പകർത്തുകയുണ്ടായിയെന്ന് ശ്രീ സാജു പോൾ. ഉന്നയിച്ചതിന് നിയമസഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും എല്ലാ അംഗങ്ങളും പാലിക്കണമെന്നും മേലിൽ ഇതുപോലുള്ള സംഭവം ഉണ്ടായാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

3) കഴിഞ്ഞ ദിവസം ഒരംഗം സഭയിൽ കൊണ്ടുവന്ന ലഹരി പദാർത്ഥം പരിശോധിച്ചോയെന്നും അതിന്റെ റിസൽറ്റ് എന്താണെന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചതിന് അത് സംബന്ധിച്ച തീരുമാനം തൽസമയം അറിയിച്ചിട്ടുള്ളതാണെന്ന് ബഹുമാനപ്പെട്ട : സ്പീക്കർ സഭയെ അറിയിച്ചു.

V) സബ്മിഷൻ

1. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് പ്രതിപക്ഷ നേതാവ് (ശ്രീ ഉമ്മൻചാണ്ടി) ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.
2. നെടുങ്ങോലം രാമറാവു ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.
3. ആലപ്പുഴയിലെ ശ്രീപാദം ഫണ്ട്സ് എന്ന സ്ഥാപനം പ്രവർത്തനം നിലച്ചതുമൂലം നിക്ഷേപകർക്കുണ്ടായിട്ടുള്ള വിഷമതകൾ സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പു മന്ത്രി മറുപടി നൽകി.
4. പേട്ട, മുട്ടത്തറ, കടകംപള്ളി എന്നീ വില്ലേജുകളിൽ ദീർഘനാളുകളായി താമസിച്ചുവരുന്നവർക്ക് കൈവശരേഖ ലഭ്യമാക്കേണ്ടതു സംബന്ധിച്ച്

ശ്രീ. വി. സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് റവന്യു വകുപ്പുമന്ത്രി മറുപടി നൽകി.

5. റൂട്ട് വിൽറ്റ് ഡിസീസ് തടയുന്നതിനുള്ള കേന്ദ്രപദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച് ശ്രീ കെ.കെ. ഷാജു ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

6. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് ശ്രീ. എ.സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

7. സ്മാർട്ട് സിറ്റി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സമരം സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

8. ഓപ്പൺ സ്കൂളുകളിലെ ഫീസ്ഘടന സംബന്ധിച്ച് ശ്രീ. കെ.ടി..ജലീൽ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

9. കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. എ. പ്രദീപ് കുമാർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

10. ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ സർക്കാർ കോളേജിലെ അദ്ധ്യാപകർക്ക് വേതനം ലഭിക്കാത്തതു സംബന്ധിച്ച് ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

11. ഇടുക്കി മണ്ഡലത്തിലെ കൊന്നത്തടി പഞ്ചായത്തിലുൾപ്പെട്ട ജോസ് വരാരപ്പള്ളിയുടെ വീടും സ്ഥലവും ഉരുൾപൊട്ടലിൽ തകർന്നത്

സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി

12. മലപ്പുറം ജില്ലയിലെ അൽ–ഷിഫാ കോളേജിൽ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളിൽ നിന്ന് ഉയർന്ന ഫീസും കോഷൻ ഡെപ്പോസിറ്റും വാങ്ങുന്നത് സംബന്ധിച്ച് ശ്രീ. പി.സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.
13. കാസർഗോഡ് ജില്ലയിലെ പെരഡാല സർവീസ് സഹകരണ ബാങ്കിൽ വച്ചു നടന്ന കൊലപാതകം സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.
14. മംഗലാപുരത്ത് നടന്ന കലാപം സംസ്ഥാനത്ത് വ്യാപിക്കുന്നതു സംബന്ധിച്ച് ശ്രീ സി.എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.
15. പേരാവൂർ മണ്ഡലത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

VI) ദേശീയ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പു സെക്രട്ടറിയുടെ കത്തും സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവും പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) മേശപ്പുറത്തു വച്ചു.

## VII) ധനകാര്യം

2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥ നയുടെ പേരിൽ 421,94,73,000 രൂപയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,85,39,000 രൂപയും അനുവദിക്കണമെന്ന പ്രമേയം പട്ടികസമുദായക്ഷേമവും ഊർജ്ജവും വകു പ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) അവതരിപ്പിക്കുകയും തദ്ദേശസ്വയംഭര ണവും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി പ്രമേ യത്തെ പിന്താങ്ങുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് കേരള നിയമസഭ യുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചു.

സർവ്വശ്രീ അടൂർ പ്രകാശ്, കെ.സി. ജോസഫ്, ടി.എൻ. പ്രതാപൻ, എ.പി. അനിൽകുമാർ, എം.എ. വാഹിദ്, വി.ഡി. സതീശൻ, കെ. ബാബു, ആര്യാടൻ മുഹമ്മദ്, കെ.കെ. ഷാജു, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, റോഷി അഗസ്റ്റിൻ, സി.ടി. അഹമ്മദ് അലി, വി..കെ. ഇബ്രാഹിം കുഞ്ഞ്, യു.സി. രാമൻ എന്നീ അംഗങ്ങൾ ഖണ്ഡനോ പക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന  അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു:

1. ശ്രീ. വി.ഡി. സതീശൻ
2. ശ്രീ. ബി. രാഘവൻ
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
4. ശ്രീ. എൻ. രാജൻ
5. ശ്രീ .റോഷി അഗസ്റ്റിൻ
6. ശ്രീ. ജോസ് തെറ്റയിൽ
7. ശ്രീ. വി. സുരേന്ദ്രൻപിള്ള
8. ശ്രീ. കോവൂർ കുഞ്ഞുമോൻ
9. ശ്രീ. കെ.കെ. ഷാജു
10. ശ്രീ. യു.സി. രാമൻ
11. ശ്രീ. പി.എം.എ. സലാം
12. ശ്രീ.. കെ.സി. കുഞ്ഞിരാമൻ
13. ശ്രീ..അടൂർ പ്രകാശ്
14. ശ്രീ. ആർ.സെൽവരാജ്
15. ശ്രീ. കെ.അജിത്
16. ശ്രീ. കെ.കെ. ജയചന്ദ്രൻ
17. ശ്രീ. എ.പി. അനിൽകുമാർ

ധനാഭ്യർത്ഥന ചർച്ചയ്ക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചറും  പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി  ശ്രീ എ.കെ. ബാലനും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും യഥാക്രമം 28–നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2006 ഒക്ടോബർ മാസം 10–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.17–ന് പിരിഞ്ഞു.